# പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം - 1447 20.01.2014 ൽ മറുപടിക്ക്

**ബാലുശ്ശേരിമുക്ക് ജംഗ്ഷൻ വീതികൂട്ടൽ പ്രവൃത്തി**

**ചോദ്യം**

**ശ്രീ. പുരുഷൻ കടലുണ്ടി**

(എ) ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിലെ ബാലുശ്ശേരി മുക്ക് ജംഗ്ഷൻ വീതികൂട്ടൽ പ്രവൃത്തി ആരംഭിക്കാൻ എന്തെല്ലാം നടപടികളാണ് പൂർത്തിയാവാനുള്ളത് ;

(ബി) പ്രസ്തുത പണിക്കായി ഏറ്റെടുക്കവാനുദ്ദേശിക്കുന്ന ഭൂമിയുടെ അളവ്, നിശ്ചയിക്കപ്പെട്ട വില എന്നിവ എത്രയാണെന്ന് അറിയിക്കാമോ ;

(സി) ഭൂവുടമകൾക്ക് തുക അനുവദിക്കുന്നതിലെ തടസ്സങ്ങൾ എന്തെല്ലാമാണ് ;

(ഡി) ഇവ പരിഹരിക്കുന്നതിന് നിർദ്ദേശം നൽകുമോ ?

**മറുപടി**

**ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്**
**(പൊതുമരാമത്ത് വകുപ്പുമന്ത്രി)**

(എ) (ബി) (സി) & (ഡി) ബാലുശ്ശേരി മുക്ക് ജംഗ്ഷൻ വീതി കൂട്ടുന്നതിനുള്ള സ്ഥലമെടുപ്പ് നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയ്ക്കായി 0.0645 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കുന്നത്. ഭൂമിയുടേയും ചമയങ്ങളുടേയും അടക്കം 30 ലക്ഷം രൂപയാണ് വില നിശ്ചയിച്ചിരിക്കുന്നത്. പ്രസ്തുത തുക അനുവദിക്കുന്നതിനാവശ്യമായ ശുപാർശ സർക്കാരിന്റെ പരിശോധനയിലാണ്.

സെക്ഷൻ ഓഫീസർ